8. മൽസ്യപ്പിടിത്തക്കാരുടെ സൌകര്യത്തിനു് Breakwater ഉണ്ടാക്കൽ മുതലായ പദ്ധതികൾ കൂടാതെ രാജ്യമൊട്ടാകെ നടപ്പാക്കുന്ന മറ്റു പദ്ധതികളുടെ ഒരു ഭാഗം തീരപ്രദേശങ്ങൾക്കു് പ്രയോജനപ്പെടുന്നതാണു്.

(ബി) 1. കടലാക്രമണം തടയാനുള്ള പദ്ധതി.
2. കയർ വ്യവസായം.
3. കൂട്ടനാടു് ഡവലപ്പുമെൻറു് ബ്ലാക്കു്.
4. റൂൽ വാട്ടർസപ്ലൈ പദ്ധതി.
5. നോർവീജിയൻ പദ്ധതി.
6. മൽസ്യവ്യവസായ പദ്ധതികൾ.

(സി) പ്രത്യേക അന്വേഷണങ്ങൾ ആവശ്യമുണ്ടെന്നു് തോന്നുന്നില്ല.

(ഡി) ഒരു ഗ്ലാസ്സു് ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള പദ്ധതി രണ്ടാം പഞ്ചവൽസരപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടു്. അതു് എവിടെ സ്ഥാപിക്കണമെന്നു് തീരുമാനിച്ചു കഴിഞ്ഞിട്ടില്ല.

തെക്കൻതിരുവിതാംകൂറിലെ പോലീസു് അക്രമങ്ങൾ.

* 719. [8] ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പോലീസുവകുപ്പുമന്ത്രി സഭയം മറുപടി നൽകുമോ :

(എ) തെക്കൻ തിരുവിതാംകൂറിലെ വെടിവയ്പിനുശേഷം തെക്കൻതിരുവിതാംകൂറിൽ നടന്ന പോലീസു് അക്രമങ്ങളെപ്പറ്റി വ്യക്തമായ പരാതികൾ വല്ലതും ലഭിച്ചിട്ടുണ്ടോ ? ഉണ്ടെങ്കിൽ എത്ര ? അതിന്മേൽ എന്തു നടപടി നടത്തി ; ഏതെങ്കിലും പോലീസു് ഉദ്യോഗസ്ഥന്റെ മേലുള്ള പരാതിയെപ്പറ്റി അന്വേഷണം നടത്തിയോ ; അന്വേഷണഫലം എന്തു് ; ഏതെല്ലാം പോലീസുദ്യോഗസ്ഥന്മാരെപ്പറ്റിയാണു് പരാതി ഉണ്ടായിട്ടുള്ളതു് ; അവരിൽ ആർക്കെങ്കിലും ധീരതയ്ക്കുള്ള ബഹുമതി മുദ്ര നൽകിയിട്ടുണ്ടോ ?

(ബി) പോലീസു് അക്രമങ്ങളെ ധീരതയോടെ ചെറുത്തതിനു് എതെങ്കിലും തമിഴ്നാടു് ദേശാഭിമാനിക്കു് ബഹുമതിമുദ്ര നൽകുകയുണ്ടായോ ;

(സി) പോലീസു് അക്രമവും വെടിവയ്പും മൂലം മൃതിയടഞ്ഞ എത്ര രക്തസാക്ഷികളുടെ ബന്ധുക്കൾക്കു് നഷ്ടപരിഹാരം നൽകി ; എന്തുതുക വീതമാണു് നൽകിയതു് ; ആർക്കൊക്കെ കൊടുത്തു ; ഇനി എത്ര പേർക്കു് കൊടുക്കാൻ ഉദ്ദേശിക്കുന്നു ; ആർക്കൊക്കെ ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) : (എ) തെക്കൻതിരുവിതാംകൂറിൽ 1954 ആഗസ്റ്റു് പതിനൊന്നാം തീയതിയും അതിനു ശേഷവും പോലീസു് കയ്യേറ്റങ്ങൾ നടന്നുവെന്നു് ആരോപിച്ചുകൊണ്ടുള്ള എട്ടു് പരാതികൾ കിട്ടിയിട്ടുണ്ടു്. എന്നാൽ, പിന്നീടു് ഉണ്ടായ സാഹചര്യങ്ങളിൽ തമിഴ്നാടു് കാൺഗ്രസ്സു് നേതാക്കന്മാർതന്നെ പോലീസു

LIBRARY ARCHIVES Kerala Legislative Assembly

ദ്യോഗസ്ഥന്മാരുടെമേൽ ആരോപണങ്ങളുടങ്ങിയ മേൽപറഞ്ഞ പരാതികളെപ്പറ്റി അന്വേഷണം നടത്തേണ്ടതില്ല. എന്നു് സമ്മതിക്കുകയുണ്ടായി. അതിനാൽ ഈ കാര്യത്തിൽ വേറെ നടപടികൾ ഒന്നും കൈക്കൊണ്ടിട്ടില്ല.

കുറ്റം ആരോപിക്കപ്പെട്ടിട്ടുള്ള പോലീസ് ഉദ്യോഗസ്ഥന്മാരുടെ പേരുവിവരം അടങ്ങിയ † ലിസ്റ്റ് ഈ സംബന്ധമായി ചേർത്തിട്ടുണ്ടു്.

ചോദ്യത്തിൽ പ്രസ്താവിച്ചിട്ടുള്ളമാതിരി ഒരു പോലീസ് ഉദ്യോഗസ്ഥനും ബഹുമതിമുദ്ര നൽകിയിട്ടില്ല.

(ബി) ഇല്ല. പോലീസു് അവിടെ അക്രമം നടത്തിയെന്നു് ഗവണ്മെൻറിനു ബോദ്ധ്യമില്ല.

(സി) പോലീസു് വെടിവച്ചതിൻെറ ഫലമായി മരിച്ച നാലു ആളുകളുടെ ബന്ധുക്കൾക്കു് അഞ്ഞൂറു രൂപ വീതം നഷ്ടപരിഹാരം നൽകി. അവരുടെ പേരുവിവരങ്ങൾ ചേർത്തിട്ടുണ്ടു്.

1. അസനാരുപിള്ള പീരുമുഹമ്മദു്, പൈങ്കുളം പകുതി.
2. നാഗർപിള്ള ചെല്ലപ്പൻപിള്ള, കുന്നത്തൂർ പകുതി.
3. രാമലിംഗം, നട്ടാലം പകുതി.
4. പപ്പുപ്പണിക്കർ, നല്ലൂർ ദേശം, നല്ലൂർ പകുതി.

മൂന്നു പേർക്കു് കൊടുക്കാൻ ഉദ്ദേശിക്കുന്നു.

1. അമ്മുടയാൻ അരുളപ്പൻ, ആറുദേശം പകുതി.
2. നാടാൻകുട്ടി കോരൻ, കുന്നത്തൂർ പകുതി.
3. പൊന്നയ്യൻ, ആറൂർ പകുതി.

തമിഴ്നാട്ടുകേസുകൾ.

* 720. [9] ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പോലീസുപ്രധാനമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐക്യതമിഴകപ്രക്ഷോഭണം സംബന്ധിച്ചു് തെക്കൻതിരുവിതാംകൂറിലെ ജനങ്ങളുടെ പേരിൽ എടുത്ത കേസുകൾ പിൻവലിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള നടപടിയെടുക്കുമോ ;

(ബി) ഇതുവരെയും ആ കേസുകൾ പിൻവലിക്കാതിരിക്കുന്നതിനു് കാരണമെന്തെന്നു് പറയുമോ ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ & ബി) 1954 ആഗസ്റ്റിലെ തമിഴ്നാടു് പ്രക്ഷോഭണം സംബന്ധിച്ചുള്ള എല്ലാ കേസുകളും പിൻവലിക്കുവാൻ തീരുമാനിച്ചിട്ടുണ്ടു്.

തീരദേശത്തെ ക്ഷാമം.

* 721. [10] ശ്രീ. ആർ. പ്രകാശം : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രകൃതിക്ഷോഭംമൂലം മൽസ്യത്തൊഴിലാളികൾക്കു് നേരിട്ടിരിക്കുന്ന കഷ്ടപ്പാടിനെ ദൂരീകരിക്കാൻ എന്തു ഒരിതാശ്വാസനടപടിയാണു് ഗവണ്മെൻറു് സ്വീകരിച്ചിട്ടുള്ളതു് ;

† Please see Appendix III.

LIBRARY ARCHIVES Kerala Legislative Assembly

APPENDIX III

[Please See Answer to Part (a) of Question No. 719 (8) dated 5-10-1955]

1. എസ്സ്. ബി. പി. സി. സുകുമാരൻ നായർ.
2. എച്ച്. സി. 2297. കേശവൻനായർ.
3. പി. സി. ..... കുമാരപിള്ള.
4. ,, 1001. ചെല്ലപ്പൻ പണിക്കർ.
5. ,, 1268. തോമസ്സൻ നായർ.
6. ,, 1669. കൃഷ്ണപിള്ള.
7. ,, 3182. തോപ്പാലപിള്ള.
8. എ. ആർ. പി. സി. 5517. ശേഖരപിള്ള.
9. ,, 5207. കേശവപിള്ള.
10. ,, 5599. രാഘവൻ പിള്ള.
11. ,, 7783. കൃഷ്ണൻനായർ.
12. ശ്രീ. പരമശിവൻ നായർ, സബ്ഇൻസ്പെക്ടർ.
13. എച്ച്. സി 1884. പരമേശ്വരൻ പിള്ള
14. എ. ആർ. പി. സി. 3508. കുഞ്ഞുകൃഷ്ണപിള്ള.
15. ,, 8413. ശ്രീധരൻ നായർ.
16. പി. സി. 1850. ശ്രീധരൻ.
17. എ. ആർ. പി. സി. 8384. തോപ്പാലകൃഷ്ണകുറുപ്പ് ജനാർദ്ദനക്കുറുപ്പ്
18. എച്ച്. സി. 4857. ശ്രീധരൻപിള്ള.
19. ശ്രീ. കെ. ഗണപതി അയ്യർ, സർക്കിൾ ഇൻസ്പെക്ടർ.
20. ശ്രീ. പരമേശ്വരൻപിള്ള, സബ്ഇൻസ്പെക്ടർ.
21. ശ്രീ. സുന്ദരേശൻ, ട്രാഫിക് ഇൻസ്പെക്ടർ.
22. പി. സ്. 1105. കൃഷ്ണപിള്ള.
23. ,, 2226. ലക്ഷ്മണൻ നാടാർ.
24. ,, 2059. മാധവനാശാരി.
25. എ. ആർ. പി.സി. ചെറിയാൻ.
26. പി. സി. 242. തോമ്മിച്ചൻപിള്ള.
27. ശ്രീ. തോപ്പാലൻ, എ. എസ്സ്. പി.
28. പി. സി. 1065. എസ്സ്. കുട്ടൻ.
29. എ. ആർ. പി. സി. 4426. അർജ്ജുനൻ

LIBRARY ARCHIVES Kerala Legislative Assembly

APPENDIX III—(*contd*).

30. എ. ആർ. പി. സി. 9667. സുകുമാരപിള്ള.
31. ,, 4427. അബ്ദുൽ ഖരീം.
32. എ. ആർ. എച്ച്. സി. 615. കൃഷ്ണൻ.
33. എച്ച്. സി. 6070. അപ്പുക്കുട്ടൻ നായർ.
34. ജമേദാർ നാരായണൻ നായർ.
35. പി. സി. 2622. ലക്ഷ്മണൻ നാടാർ.
36. എച്ച്. സി. 1670. നാരായണപിള്ള
37. ,, 1542. കൃഷ്ണപിള്ള.
38. ,, 3514. അച്യുതൻ.
39. ,, 1880. ശ്രീധരൻ.
40. പി സി. 5888. [illegible].
41. ,, 1405. രാമസ്വാമി പിള്ള.
42. ,, 2639. ചരിത്ത്.
43. എച്ച്. സി. 1008. മാധവൻപിള്ള.
44. പി. സി. 3228. വേലപ്പൻ.
45. ,, 1563. മാധവൻപിള്ള.
46. ,, 1054. പ [illegible] കർ.
47. എച്ച്. സി. 573. സുബ്ബയ്യാപ്പിള്ള.
48. പി. സി. 3022. ശേഖരപിള്ള.
49. ,, 1344 സോമൻപിള്ള.

LIBRARY ARCHIVES Kerala Legislative Assembly